(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അംഗൻവാടി മുതൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എത്ര രൂപ വീതമാണ് ധനസഹായമായി അനുവദിക്കുന്നതെന്നും ഇത് തുടർവർഷങ്ങളിൽ ലഭ്യമാകുന്നതിന് അപേക്ഷകൾ സമർപ്പിക്കേണ്ടതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(ഡി) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അപേക്ഷ സമർപ്പിക്കുവാൻ സ്വീകരിക്കേണ്ട രീതി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ ഗവ 'എയ്ഡഡ്' സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ബിരുദ/ പ്രൊഫഷണൽ ബിരുദം വരെ പഠനം നടത്തുന്നതിന് 'സ്നേഹപൂർവ്വം' പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു അദ്ധ്യയന വർഷത്തിൽ പരമാവധി 10 മാസത്തേക്ക് തുക അനുവദിക്കുന്നു. അപേക്ഷകൾ വിദ്യാർത്ഥികൾ പഠിക്കുന്ന ഗവ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി ആണ് സ്വീകരിക്കുന്നത്. തുടർവർഷങ്ങളിൽ ഈ പദ്ധതി ധനസഹായം ലഭ്യമാകുന്നതിനും സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷ പുതുക്കാനായി സമർപ്പിക്കണം. ഇപ്രകാരം അപേക്ഷ പുതുക്കിയ വിദ്യാർത്ഥികളുടെ പേരുവിവരം അടങ്ങിയ Computer Generated Print വിദ്യാഭ്യാസ സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കണം. ഇപ്രകാരം ലഭിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

(ഡി) സ്നേഹപൂർവ്വം പദ്ധതി അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവർക്ക് ബാധകമാക്കിയിട്ടില്ല.

ക്ഷീ ടാക്സി പദ്ധതി

299 (1773) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ' ക്ഷീ ടാക്സി പദ്ധതി 'നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഒരുക്കുകയാണ് ഷീ ടാക്സി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ സ്വയം തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) സർക്കാർ സ്ഥാപനമായ ജെന്റർ പാർക്കിന്റെ പൂർണ്ണ മേൽ നോട്ടത്തിലാണ് ഷീ ടാക്സി പദ്ധതി നടപ്പിലാക്കിവരുന്നത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താൽപ്പര്യപത്രം ക്ഷണിക്കുകയും പ്രസ്തുത താൽപ്പര്യ പത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റെയ്ൻ കൺസേർട്ട് ടെക്നോളജീസിനെ ടി പദ്ധതിയുടെ ഫ്ലീറ്റ് ഓപ്പറേഷൻസ് കൈകാര്യം ചെയ്യുന്നതിനുവേണ്ടി ചുമതലപ്പെടുത്തുകയുമുണ്ടായി. സ്വയംതൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഷീ ടാക്സി പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഡ്രൈവിംഗ് ലൈസൻസും, ബാഡ്ജും ഉള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഡ്രൈവിംഗ് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുത്തതിനുശേഷം വനിതകൾ സ്വന്തമായി വാഹനം വാങ്ങേണ്ടതാണ്. വാഹനം വാങ്ങുന്നതിന് വായ്പ ആവശ്യമുള്ളവർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും സ്ത്രീ സംരംഭകർക്കായുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി 8 ശതമാനം പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കുന്നു. പദ്ധതി തുകയുടെ 10 ശതമാനം സംരംഭകർ മുടക്കേണ്ടതും ബാക്കിയുള്ള 90 ശതമാനം വായ്പയായി ലഭിക്കുന്നതുമാണ്. അപേക്ഷിച്ച എല്ലാ വനിതാ സംരംഭകർക്കും കോർപ്പറേഷൻ മുഖേന വാഹന വിലയുടെ 90 ശതമാനം വരെ വായ്പ നൽകിയിട്ടുണ്ട്. പുരുഷ കേന്ദ്രീകൃതമായ ടാക്സി മേഖലയിലേയ്ക്ക് സ്ത്രീകൾ സധൈര്യം മുന്നോട്ടുവന്ന് ടാക്സി ഡ്രൈവിംഗ് തൊഴിലായി സ്വീകരിക്കുകയും പ്രസ്തുത പദ്ധതി വിജയിപ്പിച്ചെടുത്തതിന്റെയും അടിസ്ഥാനത്തിൽ ഷീ ടാക്സി ഗുണഭോക്താക്കൾക്കുവേണ്ടി ഒറ്റത്തവണ സാമ്പത്തിക സഹായമായി 50,000 രൂപ സർക്കാർ അനുവദിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly